നമ്പർ.ഇ.എക്സ്. സി.ജനറൽ 1/30231/2019/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ
കാര്യാലയം, പരീക്ഷാഭവൻ,
പൂജപ്പുര, തിരുവനന്തപുരം-12
തീയതി : 30/08/2019.

പ്രേഷകൻ
സെക്രട്ടറി

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം- എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2020- പുതിയ കേന്ദ്രങ്ങളും ക്ലബ്ബിംഗ് അറേഞ്ച്മെന്റും-പ്രൊപ്പോസൽ- സംബന്ധിച്ച്.

സൂചന:-
1. സ.ഉ (സാ.ധ) നമ്പർ 4762/98/പൊ.വി തീയതി 18-12-1998.
2. സ.ഉ.(സാ.ധ) നമ്പർ 1543/2019/പൊ.വി. തീയതി 30.04.2019.

------

2020 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് പുതിയ പരീക്ഷാകേന്ദ്രങ്ങളും ക്ലബ്ബിംഗ് അറേഞ്ച്മെന്റുകളും അനുവദിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ക്ഷണിക്കുന്നു. പുതിയ പരീക്ഷാകേന്ദ്രങ്ങൾ അനുവദി യ്ക്കുന്നതിനായി മതിയായ ഭൗതിക സൗകര്യങ്ങൾ ഉള്ള സർക്കാരിന്റെ സ്ഥിരാംഗീകാരം ലഭിച്ച സ്കൂളുകളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കാവുന്നതാണ്. അപേക്ഷകൾ ഫോറം എ-യിലാണ് നൽകേണ്ടത്. പുതിയ പരീക്ഷാകേന്ദ്രങ്ങൾക്കായി ശുപാർശ ചെയ്യുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിരിക്കണം.

പുതിയ പരീക്ഷാകേന്ദ്രങ്ങളാക്കാനുദ്ദേശിക്കുന്ന സ്കൂളിന് ഗവൺമെന്റിന്റെ സ്ഥിരാംഗീകാരം ലഭിച്ചിരിക്കണം. മുൻവർഷങ്ങളിൽ സ്ഥിരാംഗീകാരം ഉണ്ടായിരിക്കുകയും ഈ അധ്യായനവർഷം അംഗീകാരം നഷ്ടപ്പെട്ടതുമായ സ്കൂളുകൾ പരീക്ഷാകേന്ദ്രങ്ങളാക്കരുത്. സ്കൂളിന് പരീക്ഷാകേന്ദ്രം അനുവദിക്കുമ്പോൾ ഇക്കാര്യം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു സ്കൂൾ ക്ലബ്ബിംഗ് സെന്ററാക്കുന്നതിന് ടി സ്കൂളിന്റെ താൽക്കാലികാംഗീകാരം അതേവർഷം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുതുക്കി നൽകിയിട്ടുള്ള തായിരിക്കണം.

സ്കൂളുകളെ ക്ലബ്ബിംഗ് കേന്ദ്രങ്ങളാക്കുന്നതിനായി ശുപാർശ ചെയ്യുമ്പോൾ ഇത്തരം സ്കൂളുകൾക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഓരോ വർഷവും താൽക്കാലിക അംഗീകാരം പുതുക്കി നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് താൽക്കാലിക അംഗീകാരം നൽകുവാൻ സാധ്യമല്ല.

അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ടി.സി സഹിതം തൊട്ടടുത്ത ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പരീക്ഷ

എഴുതിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ കഴിയാത്തതായി പരാതി ലഭിച്ചാൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവാദികളായിരിക്കുകയും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമായിരിക്കും. അതുപോലെതന്നെ അംഗീകാരമില്ലാത്ത അൺഎയ്ഡഡ് വിദ്യാലയങ്ങളെ പരീക്ഷാകേന്ദ്രങ്ങളാക്കരുത്. ഒരു വർഷത്തേയ്ക്കുമാത്രം താൽക്കാലിക അംഗീകാരം ലഭിയ്ക്കുകയും പിന്നീടുള്ള വർഷങ്ങളിൽ അത് പുതുക്കാതിരിക്കുകയും ചെയ്ത അൺഎയ്ഡഡ് സ്കൂളുകൾക്ക് അംഗീകരാമുണ്ടെന്ന തെറ്റായ ധാരണയിൽ മുൻവർഷങ്ങളിൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സർക്കാർ ഉത്തരവുകളുടെ ലംഘനവും അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തികഞ്ഞ അനാസ്ഥയുമാണ്. അംഗീകാരമില്ലാത്ത സ്കൂളുകളെ പരിപോഷിപ്പിക്കുന്നതിന് ഇത് ഇടയാക്കുകയും ചെയ്യും. ഇത്തരം സ്കൂളുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അതിന്റെ അംഗീകാരം റദ്ദു ചെയ്യേണ്ടതും പരീക്ഷാകേന്ദ്രങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അംഗീകാരമില്ലാത്ത വിദ്യാലയങ്ങളെ പരീക്ഷാകേന്ദ്രങ്ങളാക്കിയാൽ ആ സ്കൂളിന് അംഗീകാരം ലഭിച്ചതിന് തുല്യമായി കണക്കാക്കാമെന്ന ധാരണയിൽ മാനേജ്മെന്റുകൾ കേസിനു പോകാനിടയുണ്ട്. ഇത്തരം സ്കൂളുകളെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയാതെ പരീക്ഷാകേന്ദ്രമാക്കുകയും പിന്നീട് റദ്ദാക്കുകയും ചെയ്യുമ്പോൾ സ്കൂൾ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനിടയാകുകയും പൊതുവിദ്യാഭ്യാസ വകുപ്പുമായി നിയമ പോരാട്ടത്തിലാകുകയും സമയം നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. ഇതിന്റെ ഫലമായി പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ചിലപ്പോൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതാൻ പറ്റാത്ത അവസ്ഥ ഉണ്ടായേക്കാം. പരീക്ഷാകേന്ദ്രങ്ങൾ അനുവദിക്കുന്നതു സംബന്ധിച്ച രേഖകൾ ആധികാരികമായി പരിശോധിക്കേണ്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അറിവില്ലായ്മയോ ഉത്തരവാദിത്തമില്ലായ്മയോ ആണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണം. ഈ വർഷം ഒരുകാരണവശാലും ഇത്തരം വീഴ്ചകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. അതിനാൽ എല്ലാ ജില്ലാ **വിദ്യാഭ്യാസഓഫീസർമാരും 2020 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ കേന്ദ്രങ്ങളായുള്ള സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കർശനമായ പരിശോധന നടത്തേണ്ടതും അതു സംബന്ധിച്ച രേഖകൾ അതാത് ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. ഓരോ ജില്ലാ വിദ്യഭ്യാസ ഓഫീസർമാരും അവരുടെ അധികാര പരിധിയിലുള്ള എല്ലാ അൺ എയ്ഡഡ് സ്കൂളുകൾക്കും ഇതൊടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന ഫോം സി വിതരണം ചെയ്തിരിക്കണം.** തുടർന്ന് അവ കൃത്യമായി പൂരിപ്പിച്ച് വാങ്ങുകയും വിശദവിവരങ്ങൾ കൃത്യമായി രേഖയാക്കി സൂക്ഷിക്കുകയും വേണം. പരീക്ഷാകേന്ദ്രത്തിനായോ, ക്ലബ്ബിംഗ് സെന്ററിനായോ അപേക്ഷിക്കുന്ന സ്കൂളുകൾ മേൽപ്പറഞ്ഞ എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം. അംഗീകാരമില്ലാത്ത സ്കൂളുകൾ പരീക്ഷാകേന്ദ്രങ്ങളാക്കുന്നതിനും ക്ലബ്ബിംഗ് കേന്ദ്രങ്ങളാക്കുന്നതിനും വേണ്ടി ശുപാർശ ചെയ്യുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇതിലെന്തെങ്കിലും വീഴ്ചവരുത്തിയാൽ വലിയ പ്രത്യാഘാതം ഉണ്ടാകുന്നതാണ്. പ്രൊഫോർമയിൽ (ഫോം എ, ഫോം ബി)

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രത്യേക പരാമർശവും (റിമാർക്ക്സ്) ഉണ്ടായിരിക്കണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ റിമാർക്ക്സ് ഇല്ലാതെ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്ഥിരമായി അംഗീകാരം ലഭിച്ച അൺ എയ്ഡഡ് സ്കൂളിന് മാത്രമേ പരീക്ഷാ കേന്ദ്രമാക്കുകയോ ക്ലബ്ബിംഗ് കേന്ദ്രമാക്കുകയോ ചെയ്യുന്നതെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്. മുൻവർഷം കോടതിയുടെ ഇടക്കാല ഉത്തരവിലൂടെ പരീക്ഷാകേന്ദ്രം അനുവദിച്ച അൺ എയ്ഡഡ് സ്കൂളുകൾക്ക് 2020 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് പരീക്ഷാകേന്ദ്രം അനുവദിക്കേണ്ടതില്ല. അംഗീകാരം ലഭിച്ച അൺ-എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ ഫോം സി -യിൽ ഉൾപ്പെടുത്തേണ്ടതാണ്.

അംഗീകാരം ലഭിച്ച സ്കൂളുകളിലെ വിദ്യാർത്ഥികളെ മാത്രമേ മറ്റ് പരീക്ഷാകേന്ദ്രത്തിൽ ക്ലബ്ബിംഗ് വ്യവസ്ഥയിൽ പരീക്ഷയെഴുതുന്നുള്ളുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പരീക്ഷ കേന്ദ്രം അനുവദിക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ എണ്ണം 40-ഓ അതിൽ കൂടുതലോ ആയിരിക്കണം. ചില പ്രത്യേക സാഹചര്യങ്ങളിൽ 40-ൽ താഴെയുള്ള വിദ്യാർത്ഥികളുണ്ടെങ്കിലും പരീക്ഷാകേന്ദ്രമായി പരിഗണിക്കാവുന്നതാണ്. ഓരോ കാര്യത്തിലും പ്രത്യേക സാഹചര്യം എന്താണെന്നുള്ളത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരാമർശിച്ചിരിക്കണം (റിമാർക്ക്സായി രേഖപ്പെടുത്തണം)

2. ഏറ്റവുമടുത്തുള്ള പരീക്ഷാകേന്ദ്രത്തിലേക്കുള്ള ദൂരം 4 കിലോമീറ്ററിൽ കൂടുതലായിരിക്കണം. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇളവ് അനുവദിക്കാവുന്നതാണ്. ഏറ്റവുമടുത്ത പരീക്ഷാകേന്ദ്രത്തിലേക്കു വിദ്യാർത്ഥികൾക്ക് എത്തിചേരാൻ പറ്റാത്ത സാഹചര്യമുണ്ടെങ്കിലോ ആ കേന്ദ്രത്തിൽ വേണ്ടത്ര ഭൗതിക സാഹചര്യങ്ങളില്ലായെങ്കിലോ അംഗീകാരമുള്ള സ്കൂളിനെ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കാതെ തന്നെ പരീക്ഷാകേന്ദ്രമാക്കാവുന്നതാണ്.

3. പരീക്ഷാകേന്ദ്രമായി അനുവദിക്കുന്ന സ്കൂളിൽ ഫർണിച്ചർ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ട് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പു നൽകണം. പരീക്ഷാകേന്ദ്രമായുള്ള സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പക്കൽ ഒരു മോണോഗ്രാം സീൽ (സ്കൂൾ സീൽ അല്ലാത്തത്) ഉണ്ടായിരിക്കണം. മോണോഗ്രാം രൂപകൽപ്പന ചെയ്യേണ്ടത് സ്കൂളിനേയോ, ചീഫ് സൂപ്രണ്ടിനേയോ തിരിച്ചറിയത്തക്ക വിധമായിരിക്കണം.

4. അടുത്ത കാലത്ത് അപ്ഗ്രേഡ് ചെയ്തതും സർക്കാർ അംഗീകാരം നൽകിയതുമായ ഈ അദ്ധ്യയന വർഷം ആദ്യമായി എസ്.എസ്.എൽ.സി പരീക്ഷയ്ക്കു കുട്ടികളെ ഇരുത്തുന്ന സ്കൂളുകളും ഉണ്ടാകാം. ഇത്തരം സ്കൂളുകളെ പരീക്ഷാകേന്ദ്രങ്ങളാക്കുന്നതിനായി ഫോം എ-യിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. 2020 മാർച്ചിലെ പരീക്ഷയ്ക്ക് പുതിയ പരീക്ഷാകേന്ദ്രം അനുവദിക്കുന്നതിന് ഫോം എ -യിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

5. അതുപോലെതന്നെ വേണ്ടത്ര വിദ്യാർത്ഥികളുടെയും ഭൗതിക സാഹചര്യങ്ങളുടെയും അഭാവമുള്ള സർക്കാരിന്റെ അംഗീകാരം ലഭിച്ച സ്കൂളുകളിലെ വിദ്യാർത്ഥികളെ തൊട്ടടുത്ത പരീക്ഷാകേന്ദ്രത്തിലേക്ക് ക്ലബ്ബ് ചെയ്യേണ്ടതാണ്. അങ്ങനെയുള്ള സ്കൂളുകളുടെ വിവരങ്ങൾ ഫോം ബി -യിൽ സമർപ്പിക്കേണ്ടതാണ്.

6. പുതിയ പരീക്ഷാകേന്ദ്രം അനുവദിക്കുന്നതിന് വേണ്ടിയുള്ള ഫോം എ, ക്ലബ്ബിംഗ് കേന്ദ്രം അനുവദിക്കുന്നതിനായുള്ള ഫോം ബി, അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച ഫോം സി, പരീക്ഷാകേന്ദ്രങ്ങളുടെ പട്ടികയായ ഫോം ഡി എന്നിവ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിശ്ചിത ഫോമുകളിൽ സ്കൂളുകളുടെ പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ, പരീക്ഷാകേന്ദ്രത്തിന്റെ കോഡ്, സ്കൂൾ കോഡ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

ഫോം ഡി -യിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള പരീക്ഷാകേന്ദ്രങ്ങളുടെ പട്ടിക ഈ ഓഫീസിലേയ്ക്ക് അയച്ചുനൽകേണ്ടതും അതോടൊപ്പം പ്രസ്തുത ഫോം ഡി Excel ഫോർമാറ്റിൽ pareekshabhavancgl@gmail.com എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

7. ഓരോ വിദ്യാഭ്യാസ ജില്ലയിലും നിലവിൽ അവസാനമുള്ള സ്കൂൾ കോഡിന്റെ തൊട്ടടുത്ത നമ്പരായിരിക്കണം പുതിയ സ്കൂളിന് അനുവദിക്കേണ്ടത്. ക്ലബ്ബ് ചെയ്യുന്ന സ്കൂൾ പുതിയതാണെങ്കിൽ ഇത്തരത്തിൽ തന്നെ നമ്പർ നൽകേണ്ടതാണ്. കഴിഞ്ഞ അദ്ധ്യയന വർഷത്തിനുമുമ്പ് പരീക്ഷാ കേന്ദ്രമായിരുന്ന സ്കൂളുകൾ ഈ അധ്യയനവർഷം പുതിയ കേന്ദ്രമാകുകയാണെങ്കിൽ നിലവിലുള്ള സ്കൂൾ കോഡ് തന്നെ നൽകിയാൽ മതിയാകും.

8. പുതിയ പരീക്ഷാകേന്ദ്രങ്ങൾക്കും ക്ലബ്ബിംഗ് കേന്ദ്രങ്ങൾക്കുമുള്ള അപേക്ഷകൾ 2019 സെപ്റ്റംബർ 25-ന് മുമ്പായി പരീക്ഷാഭവനിൽ ലഭിച്ചിരിക്കണം. ഇക്കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വ്യക്തിപരമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സെപ്റ്റംബർ 25-ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഒരു വിദ്യാഭ്യാസ ജില്ലയിൽ പുതിയ പരീക്ഷാകേന്ദ്രങ്ങളോ ക്ലബ്ബിംഗ് കേന്ദ്രങ്ങളോ ഇല്ലെങ്കിൽ അതും ഈ ഓഫീസിലേക്ക് നിർബന്ധമായും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. അംഗീകാരമില്ലാത്ത ഒരു സ്കൂളിന്റെ അപേക്ഷപോലും പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

വിശ്വസ്തതയോടെ,

സെക്രട്ടറി

# FORM A

## PROPOSAL FOR OPENING OF NEW CENTRE FOR SSLC EXAMINATION MARCH 2020

School Code

1. Name of School :

2. Strength in Standard X :

3. State whether the High school is newly Sanctioned one and presenting candidates for the first time (furnish the Order No) :

4. The name of nearest High School which is already a centre and distance to it :

5. Whether the school has strong room and iron safe with double lock for the safe custody of confidential packets :

6. Whether the head of school is in possession of monogram. :

7. Whether there is sufficient accommodation and furniture for conducting SSLC Examination :

8. Details of recognition obtained :

| Name of School (as in Serial No.1) | Whether the school has got recognition for the year 2019-20 (Yes/No) | Whether Permanent/ Temporary | **If Temporary** | | **If Permanent** | |
|---|---|---|---|---|---|---|
| | | | Whether revived this year or not (If revived specify Order No.) | Recognition obtained up to which date (specify order No.) | Year in which recognition is obtained | Order No.of recognition |
| | | | | | | |

9. Specify remarks of District Educational Officer
(No application will be entertained without specific remarks)

| |
|---|
| |

## DECLARATION

I ........................................................................ District Educational Officer

............................................................. hereby declare that I have verified all

the records relating to the recognition of ......................................................
school and found that the school has Permanent recognition/Temporary recognition for the academic year 2019-20. I also declare that all the details furnished in the proforma has been verified and found correct.

Place:

Date:

**District Educational Officer**

(Office Seal)

## FORM B
## DETAILS OF SCHOOL REQUIRING CLUBBING ARRANGMENT FOR SSLC EXAMINATION MARCH 2020

School Code

1. Name of School :

2. Strength in Standard X :

3. Centre to which the school is to be Clubbed with (Name & Centre No) :

4. Whether the centre to which the school is to be clubbed with has sufficient accommodation and furniture for the candidates included from the clubbed centre. :

5. Distance to the centre to which the school is to be clubbed with :

6. Details of recognition :

| Name of School (as in Serial No.1) | Whether the school has recognized for the year 2019-20 (Yes/No) | Whether Permanent/ Temporary | **If Temporary** | | **If Permanent** | |
|---|---|---|---|---|---|---|
| | | | Whether revived this year or not (If revived specify Order No.) | Recognition obtained up to which date (specify order No.) | Year in which recognition is obtained | Order No.of recognition |
| | | | | | | |

7. Specify remarks of District Educational Officer
(No application will be entertained without specific remarks)

| |
|---|
| |

## DECLARATION

I ........................................................................ District Educational Officer

.............................................................. hereby declare that I have verified all

the records relating to the recognition of ........................................................ school and found that the school has Permanent recognition/Temporary recognition for the academic year 2019-20. I also declare that all the details furnished in the proforma has been verified and found correct.

Place:

Date:

**District Educational Officer**

(Office Seal)

# FORM C
## DETAILS REGARDING THE STATUS OF RECOGNITION OF UNAIDED SCHOOL FOR SSLC EXAMINATION MARCH 2020

School Code

1. Name of School :
2. Name of Educational District :
3. Strength in Standard X :
4. Details of recognition obtained :

| Name of School (as in Serial No. 1) | Whether the school has recognized for the year 2019-20 (Yes/No) | Whether Permanent/ Temporary | **If Temporary** | | **If Permanent** | |
|---|---|---|---|---|---|---|
| | | | Whether revived this year or not (If revived specify Order No.) | Recognition obtained up to which date (specify order No.) | Year in which recognition is obtained | Order No.of recognition |
| | | | | | | |

**DECLARATION**

I ............................................................Headmaster/Headmistress

.................................................school hereby declare that details regarding the recognition of my school furnished above is correct.

Place:

Date:

Name and Signature of Headmaster/Headmistress

(Office Seal)

Form - D

## DETAILS OF RECOGNISED (UPTO 10TH STANDARD) SCHOOLS - GOVT, AIDED, UNAIDED

Educational District :

| Sl No | School Code | Centre Code | Name of School | Govt/Aided/ Unaided | Recognition (Temporary/ Permanent) | Recognition ending date (If Recognition is Temporary) | Remarks |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

Place:
Date :

Signature :
Designation :

Office Seal